

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഉയർപ്പ് മൂന്നാം ഞായർ

2024
ഏപ്രിൽ 14




# സ്നേഹിക്കാം, അധികമായി

പുറ 3:1 – 12; എസ 34:20 – 26; എഫേ 4:7 – 16; യോഹ 21:15 – 19

'സഹനങ്ങൾ ആകുന്ന ചെറുതും വലുതുമായ വീഴ്ചകൾ നിരന്തരം ഉണ്ടാവും. അടിപതറാതെ മുൻപോട്ടു പോയാൽ മതി. എത്ര ഉഗ്രമായി പരീക്ഷിക്കപ്പെടുന്നുവോ അതിലും ഉഗ്രമായി സ്നേഹിക്കപ്പെടുന്നുണ്ടെന്നു തിരിച്ചറിയുക'. (വിശുദ്ധ കൊച്ചുത്രേസ്യ)

ഉഗ്രമായി പരീക്ഷിക്കപ്പെട്ട് പരാജയപ്പെട്ടുപോയ പത്രോസിനെ അതിലും ഉഗ്രമായി ഈശോ സ്നേഹിച്ചതിന്റെ തെളിവാണ് യോഹ 21:15 – 19 വരെയുള്ള തിരുവചനങ്ങൾ. 'ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?' എന്ന കർത്താവിന്റെ ചോദ്യം ഞാൻ ഇവനെ അറി യുകപോലും ഇല്ല എന്ന് പറഞ്ഞവന്റെ ഉള്ളിൽ ഉണ്ടാക്കിയ മാനസാന്തരം ചെറുത് ഒന്നും അല്ലായിരുന്നു. കാരണം നേരംപോക്കിന് വേണ്ടി സ്നേഹിച്ചവനല്ല, ജീവനുതുല്യം സ്നേഹിച്ചവനാണ് കർത്താവ് എന്ന ബോധ്യം പത്രോസിനുണ്ടായിരുന്നു. പരസ്പരം നഷ്ടപ്പെടുംവരെ ആർക്കും ആരെയും മനസിലാവില്ല, മനസിലാക്കാൻ ശ്രമിക്കാറില്ല എന്ന് പറയുന്ന ഇൻസ്റ്റാഗ്രാം പോസ്റ്റുകൾക്കിടയിൽ നഷ്ടപ്പെട്ടിട്ടും എത്രകണ്ട് അകന്നു പോയിട്ടും അത്രയും തീക്ഷ്ണതയോടെ തന്നിലേക്ക് പത്രോസിനെ തിരിച്ചടുപ്പിക്കുന്ന, മനസിലാക്കുന്ന ഈശോയുടെ സ്നേഹം! മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞവനെ മൂന്നുപ്രാവശ്യം തിരിച്ചു 'ഞാൻ സ്നേഹിക്കുന്നു' എന്ന് പറയിപ്പിച്ചത് കർത്താവിന്റെ വാശി ഒന്നും അല്ല... ഓരോ തള്ളിപ്പറയലിലും പത്രോസിന്റെ മനസ്സിൽ ഉണ്ടായ മുറിവിന്റെ സൗഖ്യം ആയിരുന്നു അത്.

## അധികം സ്നേഹിക്കാം, അനുഗ്രഹിക്കപ്പെടാം

തള്ളിപ്പറഞ്ഞാലും പാപിക്കു മാനസാന്തരപ്പെടാം... ശിഷ്യ സ്ഥാനം




മായാറാണി

തിരികെ നേടാം. 'ഇവരേക്കാൾ അധികം ആയി നീ എന്നെ സ്നേഹിക്കുന്നോ?' എന്നാണ് ഈശോ ആദ്യം ചോദിക്കുക. അധികം സ്നേ ഹിച്ചവന് അധികം ലഭിക്കും. നമ്മുടെ ചിന്തകളും പ്രവർത്തികളും 'അധികമായി' കർത്താവിനെ സ്നേഹിക്കുന്നതാണോ? ഒന്നാം പ്രമാണം നമ്മെ ഓർമ്മപ്പെടുത്തുകയാണ് കർത്താവു ഇവിടെ. പലപ്പോഴും അധികമായല്ല അവസാനമായി പോകാറുണ്ട് നമ്മുടെ കർത്താവിനോടുള്ള പ്രയോരിറ്റീസ്. കൂടുതൽ ക്രൈസ്തവരും കുരിശും വരച്ചു പള്ളിയിലും പോയി കൂദാശകളും സ്വീകരിച്ചു വലിയ ഉപദ്രവങ്ങൾ ഒന്നും ഞങ്ങളെക്കൊണ്ട് ഇല്ലേ എന്ന ഭാവത്തിൽ ഒരു സാധാരണ ജീവിതം ജീവിച്ചു തീർക്കാൻ ശ്രമിക്കുകയാണ്. അവിടെ ഒരിക്കലും ഈ 'അധിക സ്നേഹം' കാണാൻ സാധിക്കില്ല. ജീവൻ കൊടുത്തും ത്യാഗം സഹിച്ചും ഹൃദയ പൂർവം ക്ഷമിച്ചും സ്നേഹിക്കുമ്പോൾ ആണ് ഈ അധികസ്നേഹം നമ്മിൽ പ്രവർത്തിച്ചു തുടങ്ങുക. ഈ അധികസ്നേഹം തന്നെയാണ് പത്രോസിനെ സഭയുടെ ആദ്യമാർപ്പാപ്പ ആയി ദൈവം ഉയർത്താൻ കാരണം ആയതും.

## വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം

'തെറ്റ് പൊറുക്കുന്നവൻ സ്നേഹം നേടുന്നു. കുറ്റപ്പെടുത്തി കൊണ്ടേയിരിക്കുന്നവൻ സ്നേഹിതരെ പിണക്കിയകറ്റുന്നു' (സുഭാ: 17:9). ശത്രുക്കളെ സ്നേഹിക്കാനും പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാനും കർത്താവു വെറുതെ പറഞ്ഞതല്ല, ജീവിതം കൊണ്ട് കാണിച്ചു തരികയാണ് ചെയ്തത്. കൂടെ നടന്ന കൂട്ടുകാരനെ കണ്ടിട്ടും കേട്ടിട്ടും ഇല്ലെന്നു കണ്ണിൽ ചോരയില്ലാതെ തള്ളിപ്പറഞ്ഞവനെ കുറ്റപ്പെടുത്താതെ കരുതലോടെ, കരുണയോടെ കണ്ടില്ലേ അവൻ... പറ്റിക്കുന്നതും പറ്റിക്കപ്പെടുന്നതും അല്ല സ്നേഹം, പറിച്ചെടുത്താലും നെഞ്ചകത്തു പറ്റിക്കിടക്കുന്നതാണ് എന്റെ നിന്നോടുള്ള വ്യവസ്ഥകൾ ഇല്ലാത്ത സ്നേ ഹം എന്ന് പത്രോസിനെ തിരുസഭയുടെ അമരക്കാരൻ ആക്കിക്കൊണ്ട് കർത്താവ് തെളിയിച്ചു തന്നു.

## ഇണക്കത്തിന് ഇരട്ടി മധുരം

പിണക്കത്തിന് ശേഷമുള്ള ഇണക്കത്തിനു മധുരം കൂടും എന്ന് പറയുന്നത് കൊണ്ടാണോ പിണങ്ങി പോകാൻ മാത്രം കാരണങ്ങൾ പത്രോസ് ഉണ്ടാക്കിയിട്ടും സർവവും ക്ഷമിച്ചുകൊണ്ട് കാരണങ്ങളും ചോദ്യങ്ങളും ഉണ്ടാക്കി മധുരമുള്ള ഒരു ഇണക്കം ഈശോ തിരികെ സമ്മാനിച്ചത്? ആ ഇണക്കത്തിന്റെ മധുരം കൂടിയത് കൊണ്ട് തന്നെ ആണ് പത്രോസ് ധീരമായി ക്രിസ്തുവിന്റെ സഭയെ നയിച്ചത്.. കർത്താവിനുവേണ്ടി രക്തസാക്ഷി ആയത്. കുരിശുകൾ ഉണ്ടെന്ന തിരിച്ചറി വോടെ തന്നെയാണ് പത്രോസ് ഈശോയെ അനുഗമിച്ചത്. മരണ ത്തിന്റെ ഓഫർ കേട്ടിട്ട് തന്നെ....

## നേതൃത്വം - ദൈവകൃപയുടെ ഉറവിടം

സഭയുടെ നേതൃസ്ഥാനം അലങ്കരിച്ച ആദ്യമാർപ്പാപ്പ ആയ പത്രോസിന് ആടുകൾക്ക് വേണ്ടി ജീവൻ കൊടുക്കാൻ സന്നദ്ധനായ കർത്താവിന്റെ മനോഭാവം ഉൾക്കൊള്ളാനായി. സഭാനേതൃത്വം ഫലദായകമാകണമെങ്കിൽ ഈ ആത്മസമർപ്പണവും സഹനങ്ങളോടുള്ള പ്രണയവും കുരിശുകളെ ഹരം ആയി കാണാനുള്ള ആവേശവും ഉണ്ടാവണം. മനുഷ്യ ചിന്തക്കു ഈ പറഞ്ഞതെല്ലാം അപ്രാപ്യം ആണ്. അതുകൊണ്ട് തന്നെയാണല്ലോ ശക്തിപ്പെടുത്താൻ, അനാഥരായി വിടാതിരിക്കാൻ സഹായകനെ നൽകാൻ അവിടുന്ന് തീരുമാനിച്ചത്. പഴയ നിയമത്തിൽ വിക്കനായ മോശയെ ഈജിപ്തിലേക്കു പറഞ്ഞയക്കുമ്പോൾ ദൈവം കൊടുത്ത ധൈര്യം ഒന്നുമാത്രം ആണ്. 'ഞാൻ നിന്നോട് കൂടെ ഉണ്ടായിരിക്കും.'

മുക്കുവനായ, എടുത്തുചാട്ടക്കാരനായ, കേപ്പയുടെ പുത്രനായ ശിമയോനെ തിരുസഭയുടെ തലവൻ ആക്കുമ്പോളും ദൈവകൃപ കൂടെ ഉണ്ടായിരുന്നു.

## YES Lord... Yes Lord....

നേതൃത്വം ദൈവത്തിന്റെ തിരഞ്ഞെടുക്കലാണ്. വിളിയാണ്. പത്രോസിന്റെയും മോശയുടെയും കാര്യത്തിൽ കുറവുകളാണ് യോഗ്യതകൾ ആയിക്കണ്ടത്. പക്ഷെ ദൈവത്തോട് 'YES' പറയാനുള്ള മനോഭാവം രണ്ടുപേരിലും ഉണ്ടായിരുന്നു. വിക്കനായ മോശക്കും എടുത്തുചാട്ടക്കാരനായ പത്രോസിനും ദൈവം കൂടെ ഉണ്ടെന്ന ധൈര്യവും എല്ലാറ്റിനേക്കാൾ അധികമായി ദൈവത്തെ സ്നേഹിക്കാനുള്ള ഒരു കൃപ യും, ദൈവം പറയുന്നത് പോലെ പ്രവർത്തിക്കാനുള്ള അനുസരണയും മാത്രമേ ഉണ്ടായിരുന്നുള്ളു. നേതൃത്വത്തിൽ ഇരിക്കുന്നവർ യഥാർത്ഥ നേതാവിനെ നന്നായി അറിയുന്നവരാകണം. എത്രനാളായി അറിയുന്നു എന്നതിലല്ല, എത്രത്തോളം അറിയുന്നു എന്നതിലാണ് കാര്യം. സുഹൃത്തായി കൂടെ നടന്നവനെ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി തിരിച്ചറിയാനുള്ള ആഴമായ അറിവ്.. തിരിച്ചറിവ്.. അതുണ്ടാവണം നേതൃത്വം നൽകുന്ന ഇടയന്.

നാം ജീവിക്കുന്നു എങ്കിൽ കർത്താവിന്റെ സ്വന്തമായി ജീവിക്കാം, മരിക്കുന്നുവെങ്കിൽ കർത്താവിന്റെ സ്വന്തമായി മരിക്കാം. മരിച്ചാലും ജീവിച്ചാലും നമ്മൾ കർത്താവിനുള്ളവരാണ്...

ഈശോയെ, മറ്റെന്തിനെക്കാളും അധികമായി നിന്നെ സ്നേഹിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ...

കൂടെ നിൽക്കാൻ എനിക്ക് നിന്റെ കൃപ മതി. അത് മാത്രം മതി എന്നും!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com